(ഡി) തോട്ടം ഉടമയുടെ കൈവശഭൂമിയിൽ കൂടിയുള്ള റോഡിൽ സ്ഥാപിച്ചിരുന്ന ഗേറ്റ് നീക്കം ചെയ്യണമെന്ന ബഹു. മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് 1-7-2015-ൽ ഇടുക്കി ജില്ലാ കളക്ടർ നടപ്പിലാക്കിയിരുന്നു. എന്നാൽ 26-6-2015-ൽ ബഹു. കേരള ഹൈക്കോടതി കമ്മീഷന്റെ ഉത്തരവ് സ്റ്റേ ചെയ്തിരുന്നത് ശ്രദ്ധയിൽപ്പെടാതെയാണ് ജില്ലാ കളക്ടർ ഗേറ്റ് നീക്കം ചെയ്തത്. ഗേറ്റ് നീക്കം ചെയ്യണമെന്ന കമ്മീഷന്റെ ഉത്തരവ് സ്റ്റേ ചെയ്ത കോടതി, ഗേറ്റ് തുറന്ന് സൂക്ഷിക്കണമെന്നും ടോൾ പിരിക്കരുതെന്നും കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ചിറയിൻകീഴ് താലൂക്കിലെ വില്ലേജ് ജീവനക്കാരുടെ ടി.എ.

155 (3903) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിലെ വില്ലേജ് ജീവനക്കാരുടെ 5/09 മുതൽ 3/10 വരെയുള്ള ടി.എ. നാളിതുവരെ മാറി നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 12-5-2014-ലെ നമ്പർ 22910/ടി2/14 കത്ത് പ്രകാരം, റവന്യൂ കമ്മീഷണറിൽ നിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ഒരു വർഷം കഴിഞ്ഞിട്ടും റിപ്പോർട്ട് നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ :

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് റവന്യൂ കമ്മീഷണറേറ്റ്, തിരുവനന്തപുരം കളക്ടേറ്റ്, ചിറയിൻകീഴ് താലൂക്ക് ആഫീസ് എന്നിവിടങ്ങളിൽ നിലവിലുള്ള ഫയലുകളിൽ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ ;

(ഇ) പ്രസ്തുത ഫയലുകളിന്മേൽ കൈക്കൊണ്ട നടപടികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(എഫ്) 12-5-2014-ൽ ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്ത ജീവനക്കാർ ആരെല്ലാമാണ് ; അവരുടെ പേരുവിവരവും പദവിയും വ്യക്തമാക്കുമോ ;

(ജി) ഫയൽ നടപടികൾ താമസിപ്പിച്ച ജീവനക്കാരുടെ പേരിൽ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു*. പ്രസ്തുത റിപ്പോർട്ടിനോടൊപ്പം യാത്രാബത്തയെ സംബന്ധിക്കുന്ന യാത്രാനുമതി അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ/Expost Facto Sanction-ന്റെ പകർപ്പ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉൾക്കൊള്ളിച്ചിട്ടില്ലായിരുന്നു. 6-1-2015-ലെ 70185/റ12/14/റവ നമ്പർ കത്തുപ്രകാരം മേൽ ഉത്തരവിന്റെ പകർപ്പു സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) ചിറയിൻകീഴ് താലൂക്കാഫീസിൽ 2029-00-101-99-04(1) ശീർഷകത്തിൽ ഫണ്ട് ലഭിച്ചപ്പോൾ റ്റി.എ. ബില്ലുകൾ മാറുന്നതിനായി ആറ്റിങ്ങൽ സബ് ട്രഷറിയിൽ നൽകുകയും. മേലുദ്യോഗസ്ഥന്റെ കൗണ്ടർ സിഗ്നേച്ചർ വേണമെന്ന് കാണിച്ച് ടി ബിൽ ഒബ്ജക്ഷൻ ആകുകയും ടി ബില്ലുകൾ ചിറയിൻകീഴ് തഹസീൽദാരുടെ 25-3-2013-ലെ എ 3-30978/12 നമ്പർ കത്തു പ്രകാരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിൽ ന്യൂനതകൾ ഉണ്ടായിരുന്നതിനാൽ ആയത് പരിഹരിച്ച് നൽകുന്നതിനായി ജില്ലാ കളക്ടർ തഹസീൽദാർക്ക് തിരികെ നൽകുകയും ന്യൂനതകൾ പരിഹരിച്ച ടി ബില്ലുകൾ 25-2-2014-ലെ ചിറയിൽകീഴ് തഹസീൽദാരുടെ കത്ത് പ്രകാരം ജില്ലാ കളക്ടർക്ക് ലഭ്യമാക്കിയിട്ടുള്ളതും ആയത് ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ജില്ലാ കളക്ടറിൽനിന്നും ലഭ്യമായ റിപ്പോർട്ട് സാധൂകരണത്തിനായി ലാന്റ് റവന്യൂ കമ്മീഷണർ 11-12-2014-ലെ ജി8-15824/14 നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് സമർപ്പിക്കുകയും ടി യാത്രാ ബത്തയെ സംബന്ധിച്ച യാത്രാനുമതി ഉത്തരവിന്റെ/Expost Facto Sanction-ന്റെ പകർപ്പ് ഹാജരാക്കുന്നതിനായി സർക്കാരിൽ നിന്ന് നിർദ്ദേശം നൽകുകയുമുണ്ടായി, ടി നിർദ്ദേശ പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽനിന്നും ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും അതനുസരിച്ച് 26-3-2015-ൽ ഫിൻ3-37912/14 നമ്പർ റിപ്പോർട്ട പ്രകാരം വില്ലേജിൽ ഉപയോഗിച്ചിരുന്ന റ്റി.എ. രജിസ്റ്റർ ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കുകയുമുണ്ടായി. എന്നാൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ യാത്രാവിവരങ്ങൾ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ പേജുകൾ സഹിതം വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതാണ്.

(ഇ) പകർപ്പുകൾ അനുബന്ധം (2) ആയി ചേർക്കുന്നു*.

(എഫ്) 12-5-2014-ൽ ആവശ്യപ്പെട്ട റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചുവെങ്കിലും യാത്രാനുമതി അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ/ Expost Facto Sanction-ന്റെ പകർപ്പ് ലഭ്യാമാക്കാത്തതിനാൽ ആയത് കൂടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(ജി) ബാധകമല്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly